# 15 -ാം കേരള നിയമസഭ

## 3 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6536** **11-11-2021 - ൽ മറുപടിയ്ക്ക്**

## തരിശുഭൂമിയിൽ ഊർജ്ജിത ഭക്ഷ്യോൽപാദനവും വിപണി ശക്തിപ്പെടുത്തലും പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കുറുക്കോളി മൊയ്തീൻ | | Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കേന്ദ്രാവിഷ്കൃത പദ്ധതിയായ ആർ.കെ.വി.വൈ. 2020-21 വർഷത്തിൽ ഉൾപ്പെടുത്തി "തരിശുഭൂമിയിൽ ഊർജ്ജിത ഭക്ഷ്യോൽപാദനവും വിപണി ശക്തിപ്പെടുത്തലും" എന്ന പദ്ധതി പ്രകാരം എന്തൊക്കെ പ്രവർത്തനങ്ങളാണ് നടന്നുവരുന്നതെന്ന് വ്യക്തമാക്കുമോ; | (എ) | ഭക്ഷ്യ-കാർഷിക മേഖലയെ സാരമായി ബാധിച്ച ആഗോള പ്രതിസന്ധിയാണ് കോവിഡ്-19 മഹാമാരി. ഈ പ്രതിസന്ധി ഭക്ഷ്യക്ഷാമത്തിനും കർഷകർക്ക് അവരുടെ ഉത്പന്നങ്ങൾ ന്യായവിലയിൽ വിൽക്കുവാനുള്ള ബുദ്ധിമുട്ടും ഉണ്ടാക്കുവാൻ സാധ്യതയുണ്ട് എന്നത് മുന്നിൽ കണ്ടുകൊണ്ട് 2020-21-ൽ ആർ.കെ.വി.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തി തരിശു കൃഷി പ്രോത്സാഹനം, ഗ്രാമീണ ചന്തകളുടെ അടിസ്ഥാന സൗകര്യ വികസനം എന്നിവക്കായി പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ഭക്ഷ്യസുരക്ഷ നിലനിർത്തുവാൻ സ്വയംപര്യാപ്തത കൈവരിക്കുകയാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യം. ഭക്ഷ്യോല്പാപദനം വർദ്ധിപ്പിക്കുന്നിന് ലഭ്യമായ തരിശുഭൂമിയിൽ കൃഷി ചെയ്യുക, വിപണന സൗകര്യം വർദ്ധിപ്പിക്കുന്നതിനായി നിലവിലുള്ള ഗ്രാമീണ ചന്തകൾ ശക്തിപ്പെടുത്തുകയോ പുതുതായി രൂപീകരിക്കുകയോ ചെയ്യുക എന്നിവയാണ് ഈ പദ്ധതിയുടെ പ്രധാന ഘടകങ്ങൾ. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ കൃഷിഭവൻതലത്തിൽ തരിശുഭൂമി കണ്ടെത്തുകയും കൃഷി ചെയ്യുന്ന വിസ്തൃതിക്കനുസൃതമായി ആനുകൂല്യം നൽകുകയുമാണ് ചെയ്യുന്നത്. ഭൂവുടമകൾക്ക് നേരിട്ടോ അല്ലെങ്കിൽ പാട്ടത്തിനോ കൃഷി ചെയ്യാവുന്നതാണ്. കർഷകർ, കുടുംബശ്രീ സ്വയം സഹായ സംഘങ്ങൾ, യുവജന സംഘങ്ങൾ, നാട്ടിൽ തിരിച്ചെത്തിയ പ്രവാസികൾ എന്നിവരെ ഉൾപ്പെടുത്തിയാണ് പദ്ധതി നിർവ്വഹണം നടപ്പിലാക്കിയത്. വിപണനരംഗത്ത് കാർഷികവിപണി ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി സംസ്ഥാനത്തൊട്ടാകെ ഗ്രാമതലത്തിൽ 960 ആഴ്ച്ചച്ചന്തകൾ പ്രവർത്തിക്കുന്നുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിക്കായി കേന്ദ്ര-സംസ്ഥാന വിഹിതം എത്രയാണെന്നും ഈ ഇനത്തിൽ കേന്ദ്രത്തിൽ | (ബി) | പ്രസ്തുത പദ്ധതിയുടെ പ്രൊജക്റ്റ് കോസ്റ്റ് 5100 ലക്ഷം രൂപയായിരുന്നു. കേന്ദ്രാവിഷ്കൃത പദ്ധതിയായ |

| | | | |
|---|---|---|---|
| | നിന്ന് എത്ര തുക ലഭിച്ചുവെന്നും വ്യക്തമാക്കുമോ; | | ആർ.കെ. വി.വൈ. യുടെ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം ഈ തുകയുടെ 60% കേന്ദ്ര വിഹിതവും (3060 ലക്ഷം രൂപ) 40% സംസ്ഥാന വിഹിതവും (2040 ലക്ഷം രൂപ) ആണ്. ഇതിൽ 2020-21 വർഷത്തിൽ 2227.2 ലക്ഷം രൂപ കേന്ദ്രവിഹിതവും 1484.81 ലക്ഷം രൂപ സംസ്ഥാനവിഹിതവും ഉൾപ്പെടെ 3712.01 ലക്ഷം രൂപയാണ് ലഭ്യമായത്. |
| (സി) | തരിശുനിലത്ത് കൃഷി ചെയ്യുന്ന കർഷകർക്ക് പ്രസ്തുത പദ്ധതി പ്രകാരം എന്തൊക്കെ സഹായങ്ങളാണ് നൽകി വരുന്നതെന്നതിന്റെ വിശദവിവരം ലഭ്യമാക്കുമോ? | (സി) | തരിശു ഭൂമിയിൽ ഊർജിത ഭക്ഷ്യോത്പാദനം പരിപാടിയുടെ ഭാഗമായി നെല്ല്, പച്ചക്കറി വാഴ, കിഴങ്ങു വർഗ്ഗങ്ങൾ, പയർ വർഗ്ഗങ്ങൾ, ചെറുധാന്യങ്ങൾ എന്നിവ കൃഷി ചെയ്യുന്നതിനാണ് ആനുകൂല്യം നൽകിയിട്ടുള്ളത്. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു. വിള ആനുകൂല്യം (ഹെക്ടറിൽ) രൂപയിൽ ആകെ കർഷകർ ഭൂവുടമ പച്ചക്കറി 37,000 3,000 40,000 വാഴ 32,000 3,000 35,000 കിഴങ്ങു വർഗ്ഗം 27,000 3,000 30,000 പയർ വർഗ്ഗം 27,000 3,000 30,000 ചെറു ധാന്യങ്ങൾ 27,000 3,000 30,000 നെല്ല് 35,000 5,000 40,000 |

സെക്ഷൻ ഓഫീസർ